"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-യുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 3.6532 ഹെക്ടർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തിരം വാങ്ങുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

**G.O.(Rt)No.432/2026/LSGD തീയതി,തിരുവനന്തപുരം, 19-02-2026**

---

പരാമർശം:- 1) സ.ഉ(സാധാ)നം.217/2017/തസ്വഭവ ,തീയതി.25.01.2017.

2) കില ഡയറക്ടറുടെ 01.06.2017 തീയതിയിലെ 2016/101/588 നമ്പർ കത്ത്.

3) സ.ഉ(സാധാ)നം.2997/2017/തസ്വഭവ, തീയതി. 07.09.2017.

4) തൃശ്ശൂർ ജില്ലാ കളക്ടറുടെ 12.11.2021 തീയതിയിലെ DCTSR/3041/2018-E4 നമ്പർ കത്ത്

5) കില ഡയറക്ടർ ജനറലിന്റെ 22.02.2023 തീയതിയിലെ 2016/101/588 നമ്പർ കത്ത്

6)31.12.2024 തീയതിയിലെ റവന്യൂ ബി2/ 183/ 2023-റവ നമ്പർ സർക്കുലർ

7)സ.ഉ(കൈ)നം.189/2025/ആർഡി തീയതി. 27.06.2025

8) 30.06.2025 തീയതിയിലെ റവന്യൂ ബി2/ 183/ 2023-റവ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

കില-യെ കല്പിത സർവ്വകലാശാലയാക്കുന്നതിനും,കില-യുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കുമായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകളായ ശ്രീമതി.സുഹറ മുതൽ പേരിൽ നിന്നും തൃശ്ശൂർ ജില്ലയിലെ കിള്ളന്നൂർ വില്ലേജിൽ സർവ്വേ നം. 538/1P, 539/1P, 540/1P, 543/1P, 539/3 എന്നിവയിൽ ഉൾപ്പെടുന്ന 366.35 ആർ ഭൂമി (ഏകദേശം 9 ഏക്കർ

ഭൂമി) സെന്റൊന്നിന്ന് 3,00,000/- (മൂന്ന് ലക്ഷം) രൂപ നിരക്കിൽ നേരിട്ട് വാങ്ങുന്നതിന് (Direct Purchase) പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന നെഗോഷിയേഷൻ ചർച്ചയിൽ രണ്ടു വർഷം കാലതാമസം നേരിട്ടതിനാലും, ആ പ്രദേശത്ത് ഭൂമിക്ക് കമ്പോള വില വർദ്ധിച്ചതിനാലും സെന്റൊന്നിന്ന് മൂന്ന് ലക്ഷം രൂപയ്ക്ക് ഭൂമി കൈമാറുന്നതിന് ഉടമസ്ഥർക്ക് താല്പര്യമില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ കില-യുടെ ഭാവി വികസനത്തിന് പ്രസ്തുത ഭൂമി അടിയന്തിരമായ ആവശ്യമായതിനാൽ LARR Act 2013 ലെ വകുപ്പ് 40 (Urgency Clause) അനുസരിച്ചുള്ള നടപടിക്രമങ്ങളിലൂടെ ഏറ്റെടുത്ത് നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം കില ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നതിനെത്തുടർന്ന് ഡയറക്ട് പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ പരാമർശം(1) ഉത്തരവ് ഭേദഗതി ചെയ്ത് LARR Act 2013 (Land Acquisition Rehabilitation and Resettlement Act 2013) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി പരാമർശം(3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2 ) എന്നാൽ, പരാമർശം (4) പ്രകാരം 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് അർത്ഥനാധികാരി ആയിട്ടുള്ള കില ഡയറക്ടർ ജനറൽ ലാന്റ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേയ്ക്ക് അടച്ച 12,84,00,000/- രൂപ കിഴിച്ച് ബാക്കി തുകയായ ₹62,74,24,040/- രൂപ കാലതാമസം കൂടാതെ അടക്കേണ്ടതാണെന്ന് തൃശൂർ ജില്ലാ കളക്ടർ അറിയിച്ചിരുന്നുവെന്നും, ഇത് പ്രകാരം സെന്റ് ഒന്നിന് പലിശ ഉൾപ്പെടെ ഏകദേശം 6.4 ലക്ഷം രൂപയാണ് ചെലവാകുന്നതെന്നും എന്നാൽ പലിശ, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് മുതലായവ ഒഴിവാക്കിയാൽ ഭൂവില സെന്റ് ഒന്നിന് 5.66 ലക്ഷം മാത്രമാണ് എന്നും 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കാനുള്ള കാലാവധി പൂർത്തീകരിച്ച സാഹചര്യത്തിൽ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കാൻ സാദ്ധ്യമല്ല എന്നതിനാൽ സ്ഥലം കില നേരിട്ട് വാങ്ങിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത് എന്നും, നിലവിൽ ടി 3.6532 ഹെക്ടർ ഭൂമി ഒരു സെന്റിന് 4 ലക്ഷം രൂപ പ്രകാരം കില-യ്ക്ക് നേരിട്ട് വിട്ടു നൽകുന്നതിന് തയ്യാറാണെന്ന് ഭൂവുടമകൾ അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ പരാമർശം(4) പ്രകാരം നിജപ്പെടുത്തിയ അടിസ്ഥാനഭൂമി വില സെന്റിന് 5.66 ലക്ഷം രൂപക്ക് പകരം (12% പലിശ, എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് മുതലായവ ഒഴിവാക്കി) 4 ലക്ഷം രൂപ സെന്റിന് വില നിശ്ചയിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കുന്നതിനായി കില വകയിരുത്തിയിട്ടുള്ള തുകക്ക് അനുസൃതമായി (ഇതിനകം ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൗണ്ടിലേക്ക് അടച്ച തുക അടക്കം ഉപയോഗിച്ച്) വസ്തു നേരിട്ട് വാങ്ങിക്കുന്നതിനുള്ള അനുകൂല സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (5) പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർ ത്ഥിച്ചിരുന്നു. നെഗോഷ്യേറ്റഡ് പർച്ചേസ് ഏറ്റെടുക്കാവുന്ന സാഹചര്യം സർക്കാർ പരാമർശം (6) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി വാങ്ങുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (7), പരാമർശം (8) എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

3) പരാമർശം (6) ന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയെ കല്പിത സർവ്വകലാശാല ആക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിലേയ്ക്കുമായി തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലുക്കിലെ കിള്ളന്നൂർ വില്ലേജിൽ സർവ്വേ നം. 538/1, 539/1, 540/1, 543/1 എന്നിവയിൽ ഉൾപ്പെടുന്ന 3.6532 ഹെക്ടർ ഭൂമി സെന്റിന് 4 ലക്ഷം രൂപ നിരക്കിൽ (ഏകദേശം 9 ഏക്കർ ഭൂമി) നെഗോഷ്യേറ്റഡ് പർച്ചേയ്സ് പ്രകാരം വാങ്ങുന്നതിന് പരാമർശം (7) ഉത്തരവിലെയും പരാമർശം(8) സർക്കുലറിലെയും വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANUPAMA T V I A S**

**SECRETARY**

ഡയറക്ടർ ജനറൽ കില, തൃശ്ശൂർ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
റെവന്യൂ (ബി) വകുപ്പ് (REV-B2/19/2016-REV തീയതി 30/01/2026 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA/E&RSA) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ,(A&E), തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 20-02-2026 10:42:20